"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ശർമ്യ.ടി ക്ക് ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2279/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/12/2020

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 സ.ഉ(സാധാ).നം.149/2019/തസ്വഭവ, തീയതി 24/01/2019

3 ശ്രീമതി.ശർമ്യ.ടി യുടെ 19.07.2019 ലെ ശൂന്യവേതനാവധിയപേക്ഷ.

4 പഞ്ചായത്ത് ഡയറക്ടറുടെ 16.12.2019 ലെ ഇ6-23642/18നമ്പർ കത്ത്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ശർമ്യ.ടി 01.01.2019 മുതൽ 03.06.2019 വരെ ടിയാളുടെ മകളുടെ ചികിത്സാർത്ഥം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം(3) പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2 . ശ്രീമതി.ശർമ്യ.ടി ക്ക് 31.07.2017 മുതൽ 28.09.2017 വരെയുള്ള 6 0 ദിവസം കെ.എസ്.ആർ ഭാഗം 1 ചട്ടം 102 ന് ചുവടെയുള്ള പ്രൊവിസോയുടെ ആനുകൂല്യത്തോടെ ആർജ്ജിതാവധിക്ക് പരിഗണിക്കില്ല എന്ന വ്യവസ്ഥയിലും, 29.09.2017 മുതൽ 31.12.2018 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിലും കെ.എസ്.ആർ.ഭാഗം I , ചട്ടം 88 (ii) ൽ ഇളവു വരുത്തി ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് പരാമർശം(2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ അവധിക്കാലയളവ് കഴിഞ്ഞ് 04.06.2019 ൽ ആണ് ടിയാൾ തിരികെ സേവനത്തിൽ പ്രവേശിച്ചതിനാൽ 01.01.2019 മുതൽ 03.06.2019 വരേക്ക് കൂടി പരാമർ ശം (2) ഉത്തരവിന് തുടർച്ചയായി ശൂന്യവേതനാവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടാണ് പരാമർശം(3) പ്രകാരം അപേക്ഷ സമർപ്പിച്ചത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ശർമ്യ.ടി യ്ക്ക് പരാമർ ശം (2) ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 01.01.2019 മുതൽ 03.06.2019 വരെ, പ്രസ്തുത

കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ.ഭാഗം 1, ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി ദീർഘിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, കുഴിമണ്ണ ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.ശർമ്യ.ടി, ക്ലാർക്ക്, കുഴിമണ്ണ ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധനകാര്യ വകുപ്പ്(17.09.2020 ലെ ധെവ1/260/2018 ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(11/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ